**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5023** **14-03-2023 - ൽ മറുപടിയ്ക്ക്**

**കോവളവും അനുബന്ധ ബീച്ചുകളും നവീകരിക്കാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോവളവും അനുബന്ധ ബീച്ചുകളും നവീകരിക്കാൻ ഡെവലപ്‌മെന്റ് ഓഫ് കോവളം ആന്റ് അഡ്ജസന്റ് ബീച്ചസ് എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | **കോവളത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ട് കിഫ്ബി മുഖാന്തിരം "ഡെവലപ്മെന്റ് ഓഫ് കോവളം & അഡ്ജസെന്റ് ബീച്ചസ് ഘട്ടം 1” എന്ന പദ്ധതി തയ്യാറാക്കുകയും 24.02.2023 തീയതിയിലെ സ.ഉ(കൈ)നം. 10/2023/TSM നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 93 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.** |
| (ബി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ആദ്യ ഘട്ടത്തിൽ എന്തൊക്കെ പ്രവൃത്തികളാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; | (ബി) | ഈ പദ്ധതി രണ്ട് ഘട്ടങ്ങളിലായി ചുവടെ പറയും പ്രകാരമാണ് വിഭാവനം ചെയ്തിരിക്കുന്നത്.<br><br>**ഘട്ടം 1**<br><br>1. ഹവ്വാ ബീച്ച്, ലൈറ്റ് ഹൗസ് ബീച്ച് എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം<br>2. സൈലന്റ് വാലി സൺ ബാത്ത് പാർക്ക് നവീകരണം<br>3. കോർപ്പറേഷൻ ഭൂമി വികസനം<br>4. കോർപ്പറേഷൻ ഭൂമിയിലേക്കുള്ള വികസനം<br>5. ഐബി ബീച്ചിലേയ്ക്കുള്ള യാത്രാ സൗകര്യ വികസനം<br>6. ഐബി ബീച്ചിന്റെയും അടിമലത്തുറ ബീച്ചിന്റെയും അതിർത്തി നിർണ്ണയം<br>7. തെങ്ങിൻ തോട്ടഭൂമി ഏറ്റെടുക്കൽ<br><br>**ഘട്ടം II**<br><br>1. ഐബി ബീച്ചിന്റെയും അടിമലത്തുറ ബീച്ചിന്റെയും കൂടുതൽ വികസനം<br>2. തെങ്ങിൻ തോട്ടഭൂമി വികസനം |
| (സി) | ഐ.ബി. (ഇൻസ്പെക്ഷൻ ബംഗ്ലാവ്) ബീച്ചിന്റെയും അടിമലത്തുറ ബീച്ചിന്റെയും തെങ്ങിൻതോട്ട | (സി) | ഈ പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ ഐ.ബി. ബീച്ചിന്റെയും അടിമലത്തുറ ബീച്ചിന്റെയും |

| | | | |
|---|---|---|---|
| | ഭൂമിയുടെയും വികസനം ഇതോടൊപ്പം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | | തെങ്ങിൻതോട്ട ഭൂമിയുടെയും വികസനം ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | പദ്ധതി നടത്തിപ്പിനായി നിർവ്വഹണ ഏജൻസിയെ നിശ്ചയിച്ചിട്ടുണ്ടോയെന്നും എത്ര കോടി രൂപയാണ് പദ്ധതിക്കായി നീക്കിവച്ചിട്ടുള്ളതെന്നും അറിയിക്കാമോ? | (ഡി) | 24.02.2023 തീയതിയിലെ സ.ഉ(കൈ)നം. 10/2023/TSM നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 93 കോടി രൂപയുടെ ഭരണാനുമതി നൽകിയ ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസി വാപ്കോസ് ആണ്. |

സെക്ഷൻ ഓഫീസർ